# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *475** — **18/11/2019-ൽ മറുപടിക്ക്**

## പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി**<br>**,, എസ്.രാജേന്ദ്രൻ**<br>**,, ഡി.കെ. മുരളി**<br>**,, പി.ടി.എ. റഹീം** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) | |
| **എ)** | സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | **എ)** | പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് "ആരോഗ്യജാഗ്രത" എന്ന പേരിൽ പ്രതിദിനം പ്രതിരോധത്തിനായി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി ആരോഗ്യവകുപ്പ് തയ്യാറാക്കി സമയബന്ധിത പ്രവർത്തന കലണ്ടർ അനുസരിച്ച് വർഷം മുഴുവൻ നടപ്പിലാക്കി വരുന്നു. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയിരിക്കുന്നു. താഴെത്തട്ടിൽ വാർഡ്തല ആരോഗ്യശുചിത്വ സമിതിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യസേനയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഗൃഹസന്ദർശനം ബോധവത്കരണം, ശുചീകരണം, കൊതുക് നശീകരണം, ക്ലോറിനേഷൻ, പകർച്ചവ്യാധി പ്രതിരോധത്തിനുള്ള കാമ്പയിനുകൾ തുടങ്ങിയവ നടത്തി വരുന്നു.<br>ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വേയലൻസ് പ്രോഗ്രാം, നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമുകളുടെ ഭാഗമായി രോഗനിരീക്ഷണം നടത്തുകയും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. രോഗബാധിതർക്ക് മാർഗ്ഗരേഖാനുസൃതം ചികിത്സയും ലഭ്യമാക്കുന്നു. ഇത് കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായി മലമ്പനി, മന്ത് രോഗം, കാല അസർ, ക്ഷയരോഗം, കുഷ്ഠ രോഗം തുടങ്ങിയവ നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ നടത്തി വരുന്നുണ്ട്. ഓരോ |

പ്രവർത്തനങ്ങളും ഓരോ തലത്തിലും അവലോകനം നടത്തുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിന് ആവശ്യമായ ഫണ്ടു ലഭ്യത, മരുന്നുകൾ, അനുബന്ധ സാമഗ്രികൾ, പരിശോധനാ കിറ്റുകൾ, കീടനാശിനികൾ, ഉപകരണങ്ങൾ, മാനവശേഷി തുടങ്ങിയവ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുന്നുണ്ട്.

**ബി)** മഴക്കാലത്ത് ജലജന്യ കൊതുകുജന്യ രോഗങ്ങൾ വ്യാപകമാകാതിരിക്കാൻ ആരോഗ്യ പ്രവർത്തകരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

**ബി)** മഴക്കാലത്ത് ജലജന്യ കൊതുകുജന്യ രോഗങ്ങൾ വ്യാപകമാകാതിരിക്കാൻ ആരോഗ്യ പ്രവർത്തകരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനുമായി "ആരോഗ്യജാഗ്രത" പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നുണ്ട്. മഴക്കാലത്ത് ജലജന്യ, കൊതുകുജന്യ രോഗങ്ങൾ വ്യാപകമാകാതിരിക്കാൻ മഴക്കാലത്തിനു മുൻപുതന്നെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പിനോടൊപ്പം സംയുക്തമായി മഴക്കാല പൂർവ്വശുചീകരണം, വിവിധ തരം കാമ്പയിനുകൾ, ആരോഗ്യസന്ദേശയാത്ര തുടങ്ങിയവ ഉൾപ്പെടുന്നു. വാർഡ്തല ആരോഗ്യശുചിത്വ സമിതി ഫണ്ട് ഉപയോഗിച്ച് ആരോഗ്യസേനാംഗങ്ങളെ നിയോഗിച്ചാണ് താഴെത്തട്ടിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. കൊതുകിന്റെ ഉറവിടങ്ങൾ നീക്കം ചെയ്യൽ, 'തോട്ടങ്ങളിലേയ്ക്ക് നീങ്ങാം' , 'ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണം', 'ജലശുദ്ധി ഉറപ്പാക്കൽ' തുടങ്ങിയ കാമ്പയിനുകളോടൊപ്പം കൊതുക് നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവയും കാര്യക്ഷമമാക്കുന്നു.

മെയ്, ജൂൺ മാസങ്ങളിൽ നടത്തുന്ന ഊർജ്ജിത വയറിളക്ക നിയന്ത്രണ ദ്വൈവാരാചരണം, ജൂണിലെ ഒ.ആർ.ടി വാരാചരണം, ജൂണിലെ മലമ്പനി വിരുദ്ധ മാസാചരണം, ജൂലൈയിലെ ഡെങ്കിപ്പനി വിരുദ്ധ മാസാചരണം, മെയ് 16 -ലെ

ദേശീയ ഡെങ്കിദിനാചരണം തുടങ്ങിയവയോടനുബന്ധിച്ച് ജലജന്യ-കൊതുക്ജന്യരോഗ നിയന്ത്രണ പ്രവർത്തന പരിപാടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. ബോധവത്കരണത്തിന് ആരോഗ്യ-പ്രവർത്തകർ പരസ്പരാശയ വിനിമയം, ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ശില്പശാലകൾ, വിവിധ പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹികമാധ്യമങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുടുംബശ്രീ, അങ്കണവാടി, റസിഡൻഷ്യൽ അസോസിയേഷൻ, സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നു. പകർച്ചവ്യാധികൾക്കെതിരെ പ്രതിദിനം രോഗപ്രതിരോധത്തിനായി ചെയ്യേണ്ട മുൻകരുതലുകൾ ഉൾപ്പെടുത്തിയ ബ്രോഷറും, ചെറു കൈപുസ്തകവും തയ്യാറാക്കി ജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കും ലഭ്യമാക്കി. കെ.എസ്.ആർ.ടി.സി ബസ്സുകളുടെ വശങ്ങളിലും പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച പരസ്യങ്ങൾ സ്ഥാപിക്കുകയുണ്ടായി. കൊതുകുകളുടെ ഉറവിട-നശീകരണത്തെപ്പറ്റിയും തിളപ്പിച്ചാറിയ ജലം കുടിക്കുന്നതിന്റെയും കുടിവെള്ളം ക്ലോറിനേഷൻ നടത്തേണ്ടതിന്റെയും മറ്റും ആവശ്യകതയെപ്പറ്റി പ്രത്യേക ബോധവത്കരണം നടത്തുകയുണ്ടായി. ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നടത്തുന്ന 'ആരോഗ്യ സന്ദേശയാത്ര'യും ബോധവത്കരണത്തിന് സഹായിക്കുന്നു. കൂടാതെ ദിന/വാര/മാസാചരണങ്ങൾ നടത്തുമ്പോഴും ബോധവത്കരണം നടത്തുന്നു. പൊതുജനങ്ങൾ അറിയേണ്ട വസ്തുതകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസ് വെബ്സൈറ്റിലൂടെയും ജനങ്ങൾക്ക് അറിയാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**